# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-3738** **11.11.2019 ലെ മറുപടിക്ക്**

## <u>വിമാനക്കൂലി വർദ്ധനവ്</u>

| <u>**ചോദ്യം**</u><br>ശ്രീ.എം.ഉമ്മർ | <u>**മറുപടി**</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിമാനക്കൂലി വർദ്ധനവ് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;<br><br>(ബി) ഇതിനായി കേന്ദ്രസർക്കാരിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(സി) പ്രവാസി മലയാളികൾക്കുണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) (ബി) & (സി) നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗ ങ്ങൾക്കും ഒമാൻ എയർവേയ്സിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ യാത്രാനിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്. ഇപ്പോൾ കുവൈറ്റ് എയർവേയ്സുമായും ഇത്തരം ചർച്ചകൾ നടത്തി ഒരു ധാരണാപത്രം തയ്യാറായി വരുന്നു.<br>സംസ്ഥാനത്തെ വിമാനത്താവള ങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കു ന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന (KGST) യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.<br><br>കൂടാതെ അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

വിമാനയാത്രക്കൂലിയിൽ വൻവർദ്ധനവ് വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇതിലേക്കായി സർവ്വീസുകളുടെ എണ്ണവും, സീറ്റും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും, വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധിക ആഭ്യന്തര അന്താരാഷ്ട്ര വിമാനസർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ